# വിമുക്തഭടന്മാർക്ക് സർക്കാർ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള സംവരണങ്ങൾ

1. സൈനിക ക്ഷേമ വകുപ്പിലെ എല്ലാ തസ്തികകളും വിമുക്തഭടന്മാർക്കായി നീക്കിവച്ചിട്ടുണ്ട്

2. NCC വകുപ്പിലെ സിവിലിയൻ തസ്തികകൾ വിമുക്തഭടന്മാർക്ക് സംവരണം ചെയ്തിരിക്കുന്നു

3. മൃഗ സംരക്ഷണ വകുപ്പിലെ live stoke inspector Grade- II തസ്തികയിൽ 10 ശതമാനം റിസർവേഷൻ നിബന്ധനകൾക്ക് വിധേയമായി സംവരണം ചെയ്തിരിക്കുന്നു

4. പോലിസ് വകുപ്പിലെ ഡ്രൈവർ തസ്തികയിൽ 10 ശതമാനം നിബന്ധനകൾക്ക് വിധേയമായി വിമുക്തഭടന്മാർക്ക് സംവരണം ചെയ്തിരിക്കുന്നു

5. വിവിധ വകുപ്പുകളിലെ സർജന്റ് തസ്തികകളിൽ നേരിട്ടുള്ള നിയമനങ്ങളിൽ യഥാക്രമം 2/3 എന്ന അനുപാതത്തിൽ വിമുക്തഭടന്മാർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്

6. വനിത വാർഡൻ /ഹോസ്പിറ്റൽ ക്ലീനർ /ആയ (ആരോഗ്യ വകുപ്പ് ) എന്നീ തസ്തികകളിൽ 10 ശതമാനം വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും മാത്രമായി സംവരണം ചെയ്തിരിക്കുന്നു

7. ഫോറെസ്റ്റ് ഗാർഡ് ഗ്രേഡ്-II (നേരിട്ടുള്ള നിയമനങ്ങളിൽ) വിമുക്തഭടന്മാർക്ക് മുൻഗണന നൽകിയിട്ടുണ്ട്

8. ആമിൻ തസ്തികകളിൽ (നീതിന്യായ വകുപ്പ്) വിമുക്തഭടന്മാർക്ക് മുൻഗണന നൽകിയിട്ടുണ്ട്

9. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ തലം വരെയുള്ള PSC മുഖേനയുള്ള അധ്യാപക നിയമനങ്ങൾക്ക് യോഗ്യതകൾക്ക് എല്ലാം സമമാണെങ്കിൽ ജവാന്മാരുടെ ഭാര്യമാർക്ക് മുൻഗണന നൽകിയിട്ടുണ്ട്

10. സംസ്ഥാന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സൈനിക സേവന ദൈർഘ്യ കാലവും പുനഃനിയമനം ലഭിക്കാത്ത കാലവും ചേർത്ത് പരമാവധി 5 വർഷം വയസിളവ് ലഭിക്കുന്നു. കൂടാതെ യുദ്ധത്തിലോ യുദ്ധ സമാന സാഹചര്യത്തിലോ വീരമൃത്യു വരിച്ച ആശ്രിതർക്ക് 10 വർഷം വരെ വയസിളവ് ലഭിക്കുന്നു

11. സംസ്ഥാന സർക്കാർ ഓഫീസ് സമുച്ചയങ്ങളും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, സർവകലാശാലകൾ എന്നിവടങ്ങളിലെ സെക്യൂരിറ്റി സൂപ്പർവൈസർ, സെക്യൂരിറ്റി ഗാർഡുകൾ എന്നീ തസ്തികകൾ വിമുക്തഭാടന്മാർക്കായി നീക്കിവച്ചിട്ടുണ്ട്

12. PSC വിജ്ഞാപനം വഴി നേരിട്ടുള്ള നിയമനങ്ങളിൽ വിവിധ വകുപ്പുകളിലേക്ക് അപേക്ഷ ക്ഷണിക്കുമ്പോൾ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള വിമുക്തഭടന്മാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി 50 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുകയും ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന വിമുക്തഭടന്മാർക്ക് സേനകളിലെ സർവീസ് അനുസരിച്ച് 2 വർഷത്തിന് ഒരു(01) മാർക്ക് വീതം എന്നാ ക്രമത്തിൽ പരമാവധി 15 മാർക്ക് വരെ വെയിറ്റേജ് മാർക്ക് ലഭിക്കുന്നു. എന്നാൽ ഇപ്രകാരം ലഭിക്കുന്ന ആകെ മാർക്ക് 23 കവിയരുത് എന്ന് നിഷ്കർഷിച്ചിരിക്കുന്നു.